## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 848** **04-03-2020 ലെ മറുപടി**

<u>വെട്ടുകാട്ടിൽ തട്ടേൽ-ഇടയാറ്റുപാടം പാടശേഖരത്തിലെ ലീഡിംഗ് ചാനൽ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പമന്ത്രി) | |
| **(എ)** | റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് 2018 പ്രകാരം മുളക്കുളം പഞ്ചായത്തിലെ വെട്ടുകാട്ടിൽ തട്ടേൽ - ഇടയാറ്റുപാടം പാടശേഖരത്തിന്റെ ലീഡിംഗ് ചാനൽ പുനസ്ഥാപിക്കുന്നതിന് വേണ്ടി നൽകിയിരുന്ന അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി - കാഡയുടെ 2019-20 വർഷത്തെ പ്രൊപ്പോസലിൽ ഇടയാറ്റുപാടം പാടശേഖരത്തിലെ ലീഡിംഗ് ചാനൽ പുനസ്ഥാപിക്കുന്നത് ഉൾപ്പെടെ 33.53 ലക്ഷം അടങ്കൽ തുകയുള്ള പ്രവൃത്തി 11.02.2020 ൽ ടെണ്ടർ ചെയ്യുകയും തുടർന്ന് മൂന്നു തവണയായി 05.03.2020 വരെ നീട്ടുകയും ചെയ്തിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതോടെ പാടശേഖരത്തിലെ ജലദൗർലഭ്യം പരിഹരിക്കുവാൻ സാധിക്കും |
| **(ബി)** | ഇടയാറ്റുപാടം പാടശേഖരത്തിൽ നിന്ന് 150 ഏക്കർ പാടത്തെ കൃഷിക്ക് വേണ്ട അത്യാവശ്യം വെള്ളം പോലും എത്തിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവരുന്നു എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ